**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കുടുംബശ്രീ - കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 35,000/- രൂപ വരെ വകയിരുത്തുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 1363/2015/തസ്വഭവ തിരുവനന്തപുരം, തീയതി,06/05/2015.**

---

പരാമർശം (1) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.03.2015 ലെ കെ.എസ്/കെ/1125/2015 നമ്പർ കത്ത്.

(2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 22.04.15 ലെ 3.15 -ാം നമ്പർ തീരുമാനം.

**ഉത്തരവ്**

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണം അത്യന്താപേക്ഷിതമാണെന്നും ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വനിതാ ശിശു ക്ഷേമ പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള വിഹിതത്തിൽ നിന്നും ബാലസഭയ്ക്കുകൂടി ഫണ്ട് വകയിരുത്തുന്നത് ഉചിതമായിരിക്കുമെന്ന് പരാമർശം (1) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി ആവശ്യത്തിനായി 35000/- രൂപ നീക്കി വയ്ക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി 35000/- രൂപ വരെ ഫണ്ട് അനുവദിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എൻ.വിശ്രുതൻ ആചാരി,**
**അണ്ടർ സെക്രട്ടറി.**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം).
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**